# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2301 | 08.07.2015 - ൽ മറുപടിക്ക്

## <u>നേഴ്സിംഗ് വിദ്യാഭ്യാസരംഗത്തെ പരിഷ്കരണം</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ. കെ. ബാലൻ**<br>**ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**<br>**ശ്രീ. പി. ടി. എ. റഹീം**<br>**ശ്രീമതി. കെ. കെ. ലതിക** | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ നേഴ്സിംഗ് വിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിനായി ഡോ:ശ്രീനിവാസൻ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശകൾ എന്തൊക്കെയായിരുന്നു; | എ) സംസ്ഥാനത്തെ നേഴ്സിംഗ് വിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിനായി ഡോ:ശ്രീനിവാസൻ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശകളും നിർദ്ദേശങ്ങളും താഴെ പറയുന്നവയാണ്.<br><br>1 നഴ്സിംഗ് കോളേജ് 500 കിടക്കകളും, 75% കിടത്തി ചികിത്സയുമുള്ള ആശുപത്രിയോട് അഫിലിയേറ്റ് ചെയ്തിരിക്കണം.<br><br>2 മെഡിക്കൽ കോളേജുമായി അഫിലിയേറ്റ് ചെയ്തിട്ടില്ലാത്ത നഴ്സിംഗ് കോളേജ് 500 കിടക്കകളുള്ള ആശുപത്രിയോട് അഫിലിയേറ്റ് ചെയ്തിരിക്കണം.<br><br>3 ജനറൽ വാർഡ് അഫിലിയേറ്റ് ചെയ്ത നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ പോസ്റ്റിംഗ് ലഭ്യമാക്കണം.<br><br>4 മറ്റ് ആശുപത്രികളുമായുള്ള അഫിലിയേഷൻ താഴെ പറയുന്ന വിഷയങ്ങൾക്ക് മാത്രമായി നിജപ്പെടുത്തണം:- സൈക്യാട്രി, കാർഡിയോളജി, കാർഡിയോ - തൊറാസിസ്, ന്യൂറോളജി, ന്യൂറോ സർജറി, നിയോ നാറ്റോളജി, ഓങ്കോളജി, നെഫ്രോളജി, & ഗ്യാസ്ട്രോ എന്ററോളജി.<br><br>5 ഒരു കോളേജിന് മൂന്ന് ആശുപത്രികളെയും ഒരു ആശുപത്രിക്ക് മൂന്ന് കോളേജിനെയും അഫിലിയേറ്റ് ചെയ്യാം.<br><br>6 സ്ഥാപനങ്ങളിൽ യോഗ്യതയുള്ള പരിചയസമ്പന്നരായ അദ്ധ്യാപകർ ബേസിക് സയൻസും സ്പെഷ്യാലിറ്റി കോഴ്സും പഠിപ്പിക്കുവാൻ അനിവാര്യമാണ്. |

7 സ്ഥാപനങ്ങൾക്ക് താഴെ പറയുന്ന ബേസിക് സ്പെഷ്യാലിറ്റിയോട് കൂടിയ ആശുപത്രികൾ വേണം:-
മെഡിസിൻ, സർജറി, ഗൈനക്കോളജി & പീഡിയാട്രിക്സ്

8 സ്ഥാപനങ്ങൾ വേറെ നഴ്സിംഗ് കോളേജുകൾക്ക് അഫിലിയേഷൻ കൊടുക്കാൻ പാടില്ല.

9 ഐ.എൻ.സി & കെ.യു.എച്ച്.എസ് നിർദ്ദേശിക്കുന്ന സിലബസിന് അനുസരിച്ചിട്ടുള്ള ക്ലിനിക്കൽ സൗകര്യം വേണം.

10 അടിസ്ഥാനപരവും ആധുനികവുമായ കഴിവുകളെ പരിശീലിപ്പിക്കാൻ വേണ്ട ക്ലിനിക്കൽ സൗകര്യവും, ഒരു യൂണിവേഴ്സിറ്റി ഡിഗ്രി കൊടുക്കുന്നതിനുമുള്ള അക്കാദമിക് നിലവാരവും വേണം.

| | |
|---|---|
| ബി) അതിൽ ഏതെങ്കിലും വ്യവസ്ഥകൾ സർക്കാർ നിരാകരിക്കുകയുണ്ടായോ; എങ്കിൽ അതിന്റെ കാരണം അറിയിക്കാമോ; | ബി) വ്യവസ്ഥകൾ നിരാകരിക്കുന്നതു സംബന്ധിച്ച് ഉത്തരവുകൾ ഒന്നും നൽകിയിട്ടില്ല. |
| സി) സ്വാശ്രയ വിദ്യാഭ്യാസ നടത്തിപ്പുകാരുടെ താല്പര്യാർത്ഥം ആരോഗ്യ സർവ്വകലാശാല നിബന്ധനകളിൽ ഇളവ് നൽകിയിട്ടുണ്ടോ; | സി) ഇല്ല. ഐ.എൻ.സി തീരുമാന പ്രകാരം ഒരു നഴ്സിംഗ് കോളേജിന് 100 കിടക്കകളുള്ള ആശുപത്രി മതി. എം.സി.ഐ തീരുമാന പ്രകാരം ഒരു മെഡിക്കൽ കോളേജിന് 300 കിടക്കകളുള്ള ആശുപത്രി മതി. ഇതെല്ലാം കണക്കിലെടുത്ത് അക്കാദമിക് കൗൺസിലും ഗവേണിംഗ് കൗൺസിലും തീരുമാനിച്ചതനുസരിച്ച് നഴ്സിംഗ് കോളേജിന് കിടക്കകളുടെ എണ്ണം 300 ആക്കി കുറച്ചിട്ടുണ്ട്. |
| ഡി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ? | ഡി) ഇക്കാര്യത്തിൽ സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ